വെച്ച കാലത്തുതന്നെ, മുമ്പ നിർമിച്ച ആറു ലക്ഷത്തിമുപ്പതിനായിരം രാസ ആയുധങ്ങരം, എപ്പോരം വേണമെങ്കിലും എടുത്തു പ്രയോഗിക്കാൻ പാകത്തിന് അമേരിക്കയുടെ ആയുധക്കലവറകളിൽ ഇരിപ്പുള്ളതായി, 'ന്യൂസ്‌വീക്ക്' വാരിക പ്രസ്താവിച്ചിരുന്നു. രാസ ആയുധനിർമാണ ത്തോടൊപ്പം, രാസയുദ്ധപ്രതിരോധനടപടികരംക്കായി 1983-ൽ അമ്പതു കോടി ഡോളർ ചെലവു ചെയ്യാനും അമേരിക്കൻ ഗവണ്മെൻറ് 1982-ൽ തീരുമാനിച്ചിരുന്നു. നവീകരിച്ച, വിപുലമായ ഒരു രാസആയുധശേഖരം ഇതിനകം അമേരിക്കൻസേനയുടെ കൈവശം വന്നുചേർന്നിരിക്കണം.

ഇറാൻ—ഇറാക്ക് യുദ്ധത്തിൽ ഇറാനിലെ പടയാളികരംക്കെതിരെ ഇറാക്ക് വലിയതോതിൽ രാസആയുധങ്ങരം പ്രയോഗിച്ചതായി പത്ര ങ്ങരം റിപ്പോർട്ട്ചെയ്തിരുന്നു. ഐക്യരാഷ്ട്രസമിതി ഈ വാർത്ത സ്ഥി രീകരിച്ചിട്ടുമുണ്ട്. ഇറാക്കിന് രാസആയുധങ്ങരം വിററതു് ഫ്രാൻസ് ആണെന്നു് വിശ്വസിക്കപ്പെടുന്നു. അമേരിക്കയ്ക്കും റഷ്യയ്ക്കും പുറമെ ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറെ ജർമനി, ജപ്പാൻ, ചൈന മുതലായ എത്രയോ രാജ്യങ്ങളിൽ രാസആയുധങ്ങളുടെ നിർമാണവും വില്പനയും നടന്നുവരുന്നുണ്ടാവണം.

ഇനിയങ്ങോട്ടുള്ള യുദ്ധങ്ങളിൽ, ആററംബോംബ് പ്രയോഗിക്കപ്പെ ട്ടാലും ഇല്ലെങ്കിലും വ്യാപകമായ തോതിൽ രാസ—ആയുധങ്ങരം പ്രയോ ഗിക്കപ്പെടാനാണു സാദ്ധ്യത മനുഷ്യവർഗം സമ്പൂർണമായും നശിക്കു ന്നതു് ആററംബോംബ് സ്ഫോടനത്തിലൂടെ പെട്ടെന്നു വേണമോ, രാസവിഷബാധയിലൂടെ അരിഷ്ടിച്ചും നരകിച്ചും മെല്ലെ വേണമോ എന്ന താവാം, ഒരുപക്ഷേ, മനുഷ്യൻെറ മുന്നിൽ അവസാനമായി വിധി ഉന്ന യിക്കുന്ന പ്രശ്നം.

1980—ലെഴുതിയ ലേഖനം ഞാൻ അവസാനിപ്പിച്ചതു് ഇങ്ങനെയാ യിരുന്നു:

'ഏജെൻറ് ഓറഞ്ച്' ഏതാനും അമേരിക്കക്കാരുടെമേൽ തളിക്കപ്പെ ട്ടിട്ടേ ഉള്ളൂ. അതിൽ കുളിച്ചവരാണ് വിയററ്നാമിലെ നാട്ടുകാർ. പക്ഷേ, അവർ ആരോടു നഷ്ടപരിഹാരം ആവശ്യപ്പെടാനാണ്!'

(10 ജൂൺ, 1984)

# 9. ഗൾഫിലെ യുദ്ധം

ഇറാനും ഇറാക്കും തമ്മിലുള്ള യുദ്ധം ആരംഭിച്ചിട്ടു നാലുവർഷങ്ങളിലധി കമായി. ഇറാക്കിൻെറ അഭിപ്രായത്തിൽ ഈ യുദ്ധം ആരംഭിച്ചതു് 1980 സെപ്റ്റംബർ 4—ാം തീയതി ബന്ദ്രസ്സൂടത്തു് ഇറാക്കിൻെറ കൈവശ മായിരുന്ന ചതുപ്പു പ്രദേശത്തേക്കു് ഇറാൻപട്ടാളം ആക്രമിച്ചു കടന്നതോ ടെയാണ്. പതിനെട്ടു ദിവസം കഴിഞ്ഞു്, 1980 സെപ്റ്റംബർ 22—ാം തീയതി ഇറാൻെറ കീഴിലുള്ള ഷാററ്—അൽ-അരബ് പ്രദേശത്തേക്കു വൻതോതിൽ ഇറാക്ക് പട്ടാളം പ്രവേശിച്ചതോടെയാണു യുദ്ധം തുടങ്ങിയ തെന്നു് ഇറാൻകാർ പറയുന്നു.

യുദ്ധത്തിൻെറ ആദ്യഘട്ടത്തിൽ വിജയം ഇറാക്കിന് ആയിരുന്നു. ഇറാൻെറ എണ്ണപ്പാടങ്ങരം സ്ഥിതി ചെയ്യുന്ന ഖൂസിസ്ഥാൻ പ്രദേശത്തു് ഇറാക്കിൻെറ മൂന്നു ഡിവിഷൻ പട്ടാളങ്ങരം കടന്നുചെന്നു; അബദാനിലെ എണ്ണസംസ്കരണശാല അവർ തകർത്തു; പല നഗരങ്ങളും അവർ പിടിച്ച

ടക്കി. പക്ഷേ, താമസിയാതെ ഇറാൻ ഈ പ്രദേശങ്ങൾ വീണ്ടെടുത്തു. 1981—ൻെറ അവസാനത്തിലും 1982—ൻെറ ആരംഭത്തിലുമായി, യുദ്ധ നിരയിൽ നെടുകെ, ഇറാൻപട ഇറാക്കിലേക്ക മുന്നേറി. യുദ്ധവിരാമ ത്തിന് ഇറാക്ക് തയ്യാറായെങ്കിലും, ഇറാൻ യുദ്ധം തുടരുകയാണുണ്ടായതു്. രണ്ടു ലക്ഷത്തിലധികം ആളുകൾ ഇതിനകം ഈ യുദ്ധത്തിൽ മരിച്ചിരി ക്കണം. നാശനഷ്ടങ്ങളെപ്പററിയാണെങ്കിൽ, ഒന്നും പറയേണ്ടതില്ല. സൗദിഅറേബ്യയും കുവൈററും അടക്കമുള്ള ഗൾഫ്രാജ്യങ്ങൾ മാസം തോറും നൂറുകോടിയിലേറെ ഡോളർ ഇറാക്കിനു കടമോ സൗജന്യമോ ആയി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ പണം ഉപയോഗിച്ച് ഇറാക്ക് റഷ്യയിൽനിന്നു ടാങ്കുകളും കവചിതവാഹനങ്ങളും വിമാനങ്ങളും, ഫ്രാൻസിൽനിന്നു വിമാനങ്ങളും മിസ്സൈലുകളും, പിന്നെ കിട്ടാവുന്നിട ത്തുനിന്നെല്ലാം മററുതരം ആയുധങ്ങളും വാങ്ങി അതിശക്തമായ ഒരു ആക്ര മണസേനയെ തയ്യാറാക്കിയിരിക്കുന്നു. ഇറാൻ മിക്കവാറും ഒററയ്ക്കാണ്. പക്ഷേ, വർദ്ധിച്ച ആൾബലവും അതിലേറെ ഖുമൈനിയുടെ നേതൃത്വ ത്തിൽ ആളിക്കത്തുന്ന മതാവേശവും അവർക്കു് അനന്തകാലത്തോളം യുദ്ധം നടത്താനുള്ള കരുത്തു നൽകുന്നുണ്ടു്.

ഇറാനും ഇറാക്കും മുസ്ലിംരാജ്യങ്ങളാണ്. ഇറാനിൽ ഭൂരിപക്ഷം ഷിയാവിഭാഗക്കാർക്കാണ്. ഇറാക്കിൽ സുന്നിവിഭാഗക്കാർക്കും. ഇറാ ക്കിലെ പ്രസിഡൻറായ സദ്ദാംഹുസൈനെ മതവിരോധിയായിട്ടാണ് ഇറാനികൾ കണക്കാക്കുന്നതു്. സദ്ദാംഹുസൈനെ സ്ഥാനഭ്രഷ്ടനാക്കുകയും, യുദ്ധത്തിൽ ഇറാനു നേരിട്ട നാശനഷ്ടങ്ങൾക്കു പണമായി പരിഹാരം നൽകു കയും ചെയ്യാതെ യുദ്ധം നിർത്താൻ ഇറാൻ തയ്യാറല്ല. ഈ വ്യവസ്ഥ കൾ ഇറാക്കിനു സ്വീകാര്യമാവുകയില്ലല്ലോ. സഹോദര—മുസ്ലിംരാഷ്ട്ര ങ്ങൾ തമ്മിലുള്ള നിരർത്ഥകവും ക്രൂരവുമായ ഈ യുദ്ധം അവസാനിപ്പി ക്കാൻ ചേരിചേരാരാഷ്ട്രങ്ങളും ഇസ്ലാമിക്രാഷ്ട്രങ്ങളും ഐക്യരാഷ്ട്രസമി തിയും മററും ചെയ്ത മാദ്ധ്യസ്ഥശ്രമങ്ങൾ വിഫലമായതു് ഈ പശ്ചാത്തല ത്തിലാണ്. ഇപ്പോൾ ഇറാക്കുകാർ ചെയ്യുന്നതു മുഖ്യമായും വിമാനാക്രമ ണങ്ങളിലൂടെയും കപ്പലുകളിൽനിന്നുമുള്ള മിസ്സൈൽ ആക്രമണങ്ങളിലൂ ടെയും ഇറാൻെറ എണ്ണ ശുദ്ധീകരണശാലകളും, ഇറാനിൽനിന്നു് എണ്ണയും വഹിച്ചു പേഴ്സ്യൻ ഉൾക്കടലിലൂടെ പോകുന്ന എല്ലാ രാജ്യ ക്കാരുടേയും എണ്ണക്കപ്പലുകളും നശിപ്പിക്കുകയാണ്. തങ്ങളുടെ പട്ടാള ങ്ങൾക്കു കോട്ടം വരുത്താതെ, ഇറാൻെറ സാമ്പത്തിക നട്ടെല്ലു് തകർക്കു കയാണ് അവരുടെ ലക്ഷ്യം. അണുബോംബ് പ്രയോഗിച്ചാൽപോലും ഇറാക്കുകാർ സുരക്ഷിതരായിരിക്കത്തക്കവണ്ണം നിലവറകൾ അടക്കം രക്ഷാ ദുർഗങ്ങൾ നിർമിച്ച് അവർ അടങ്ങിപ്പാർക്കുകയാണ്. അതേസമയം, ഇറാനിൽനിന്നുള്ള എണ്ണ കയററുമതി തടയാൻ അവർ ഫലപ്രദമായി ആക്രമണങ്ങൾ നടത്തുന്നുമുണ്ടു്. ഈ ആക്രമണങ്ങൾ തുടരുന്നപക്ഷം, പേഴ്സ്യൻ ഗൾഫിലൂടെ ഒരു കപ്പലിനും പോകാൻ കഴിയാത്തവിധ ത്തിൽ തങ്ങൾ ഗൾഫ് അടച്ചിടുമെന്നു് ഇറാൻ ഭീഷണിപ്പെടുത്തുന്നു. അമേരിക്കയ്ക്കു കുറെ എണ്ണ ഗൾഫിൽനിന്നു വാങ്ങേണ്ടിവരുന്നുണ്ടു്. ഇറാ ൻെറ സൈനികനടപടികൾമൂലം ഗൾഫിൽനിന്നു് എണ്ണ കിട്ടാതായാൽ അമേരിക്ക, ഗൾഫിൽ രാഷ്ട്രങ്ങളുടെ അന്താരാഷ്ട്രീയ സഞ്ചാരസ്വാതന്ത്ര്യം പുനഃസ്ഥാപിക്കുന്നതിനായി, അങ്ങോട്ടു നാവികപ്പടയെ അയച്ചുകൂടെ ന്നില്ല.

അമേരിക്കൻ നാവികപ്പടയുടെ വലിയ ഒരു ഭാഗം ഇപ്പോൾ ഇന്ത്യാ സമുദ്രത്തിൽ ആണുള്ളതു്. ബ്രിട്ടീഷുകാരുടെ കീഴിൽ, മുമ്പ് മൊറേഷ്യ സ്സിൻെറ ഭാഗമായിരുന്ന ഡിഗോഗാർഷ്യയാണ് ഇന്ത്യാസമുദ്രത്തിൽ അ

മെരിക്കയുടെ മുഖ്യ നാവികത്താവളം. പതിന്നാലു ചതുരശ്രമൈൽ വിസ്താരമുള്ള ഈ പവിഴദ്വീപിലെ നിവാസികളെ മുഴുവൻ 1972–ൽ അവിടെനിന്നു പറഞ്ഞയച്ചു. ഇപ്പോൾ ആ ദ്വീപിൽ അമേരിക്കൻ പടയാളികൾ മാത്രമേ ഉള്ളൂ. ഈയിടെ ദിഗോഗാർഷ്യ സന്ദർശിച്ച ഒരു ബ്രിട്ടീഷ് പത്രപ്രതിനിധി അവിടെ പതിന്നാലു ചരക്കുകപ്പലുകളും എണ്ണക്കപ്പലുകളും നങ്കൂരമിട്ടു കിടക്കുന്നതു കാണുകയുണ്ടായി. ചരക്കുകപ്പലുകളുടെ ഡക്കുകളിൽ നിറയെ ടാങ്കുകളും മിസ്സൈലുകളും വിമാനങ്ങളുമായിരുന്നു. അടുത്തുള്ള ബെർത്തുകളിൽ 'കോർപ്പസ് ക്രിസ്റ്റി' എന്നും 'ലസാൽ' എന്നും പേരുള്ള രണ്ട് അമേരിക്കൻ അണുശക്തി–മുങ്ങിക്കപ്പലുകൾ കിടന്നിരുന്നു. അർദ്ധവൃത്താകൃതിയിലുള്ള ദ്വീപിൽനിന്നു 'ബില്പ' (തടാക)ത്തിലേക്കു തള്ളിക്കിടക്കുന്ന റൺവേകളിലൂടെ നൂറുകണക്കിനു ബോംബർവിമാനങ്ങളും യുദ്ധവിമാനങ്ങളും പറന്നുയർന്നുകൊണ്ടിരുന്നു.

ദിഗോഗാർഷ്യയ്ക്കു പുറമെ, ആഫ്രിക്കയിലെ കെനിയ, സോമാലിയാ, ഒമാൻ എന്നിവിടങ്ങളിലും അമേരിക്കയ്ക്കു നാവികസൗകര്യങ്ങളുണ്ട്. ഇറാൻ–ഇറാക്ക് യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോഴെല്ലാം, അമേരിക്ക ഇന്ത്യാസമുദ്രത്തിലെ സ്വന്തം നാവികപ്പടയ്ക്കു് അതിജാഗ്രതയായിരിക്കാനുള്ള കല്പന (റെഡ് അലർട്ട്) നൽകാറുണ്ട്.

അമേരിക്ക ഭൂമിയുടെ ഒരററത്താണെങ്കിൽ, ഭൂമിയുടെ മറേറ അററത്താണു പേഴ്സ്യൻ ഉൾക്കടൽ. പേഴ്സ്യൻ ഉൾക്കടലിന്റെ കാര്യത്തിൽ അമേരിക്കയ്ക്കു് ഇത്രയധികം താല്പര്യമുണ്ടെങ്കിൽ, വളരെയകലെയല്ലാതെ സ്ഥിതിചെയ്യുന്ന സോവിയററ് യൂണിയനു ഗൾഫിലെ സംഭവവികാസങ്ങളിൽ എത്രമാത്രം താല്പര്യമുണ്ടായിരിക്കണം! ഇറാനു തൊട്ടുള്ള സ്വന്തം അതിർത്തിയിൽ മുപ്പതിനായിരത്തോളം പട്ടാളക്കാരെ, എപ്പോൾ വേണമെങ്കിലും ഇറാനിലൂടെ ഗൾഫിന്റെ കരയിൽഎത്താൻ തയ്യാറാക്കി, സോവിയററ് യൂണിയൻ നിർത്തിയിട്ടുണ്ടത്രെ. ഇന്ത്യാസമുദ്രത്തിൽ സോവിയററ് യൂണിയൻ തങ്ങളുടെ നാവികശക്തി വർദ്ധിപ്പിക്കുന്നുമുണ്ട്. അമേരിക്കയുടെ നാവികത്താവളമായ ദിഗോഗാർഷ്യയിൽനിന്ന് ഏകദേശം 1000 മൈൽ പടിഞ്ഞാറുള്ള സെയ്ഷൽസ് ദ്വീപുകളിൽ സോവിയററ് യൂണിയന്റെ സ്വാധീനം ഏറിവരികയാണ്.

മഡഗാസ്കറിനു വടക്കു നൂററിപ്പന്ത്രണ്ടു ദ്വീപുകളുടെ ഒരു കൂട്ടമാണു സെയ്ഷൽസ്. എല്ലാ ദ്വീപുകളുംകൂടി നൂററമ്പത്താറു ചതുരശ്രമൈൽ വിസ്താരമുള്ള ഈ ബ്രിട്ടീഷ് കോളനി 1975–ൽ സ്വാതന്ത്ര്യം നേടുകയും 1976–ൽ കോമൺവെൽത്തിൽ അംഗമാവുകയുംചെയ്തു. പീപ്പിൾസ് പ്രോഗ്രസ്സീവ് എന്ന ഒരൊററ പാർട്ടിക്കുമാത്രം പ്രവർത്തനസൗകര്യമുള്ള ഒരു ഏകകക്ഷിഭരണം, പ്രസിഡന്റ് ആൽബർട്ട് റെനെയുടെ കീഴിൽ, 1979 ജൂണിൽ ഇവിടെ നിലവിൽ വന്നു. റെനെയുടെ ഗവണ്മെന്റിനെ സോവിയററ് യൂണിയൻ വലിയ തോതിൽ സഹായിക്കുന്നുണ്ട്. അമ്പതു ലക്ഷം ഡോളർ വിലവരുന്ന വിമാന–എണ്ണ ഈ ഗവണ്മെന്റിനു് സോവിയററ് യൂണിയൻ സൗജന്യമായി നൽകി. അഞ്ചു് എണ്ണ ടാങ്കുകൾ കെട്ടിത്തീർക്കുന്നതിലും സോവിയററ് യൂണിയൻ സെയ്ഷെൽസ് ഗവൺമെന്റിനെ സഹായിച്ചിട്ടുണ്ട്. സെയ്ഷൽസിലെ ചെറിയ പട്ടാളത്തെ പരിശീലിപ്പിക്കുന്നതു വടക്കൻ കൊറിയയിലെ നൂറോളം സൈനികോദ്യോഗസ്ഥരാണ്. സെയ്ഷൽസിലെ മുഖ്യദ്വീപായ മാഹിയിൽ വിമാനത്താവളത്തിനടുത്തു്, റഷ്യ കുറെ റോക്കററുകളും മിസ്സൈലുകളും സ്ഥാപിച്ചിട്ടുണ്ടത്രെ. പന്ത്രണ്ടോളം റഷ്യൻ സൈനികോപദേഷ്ടാക്കളും അവിടെ ഉള്ളതായി പറയപ്പെടുന്നു. എല്ലാംകൂടി, റഷ്യയുടെ നാവികസാന്നിദ്ധ്യം സെയ്ഷൽസിൽ ഉണ്ടായിവരാനുള്ള സാദ്ധ്യതകളുണ്ട്.

എത്തിയോപ്പിയ ഒരു കമ്യൂണിസ്റ്റ് രാഷ്ട്രമായതോടെ ഗൾഫിൻെറ കരയിൽ സോവിയററ് യൂണിയനു ഗണ്യമായ നാവിക സൗകര്യങ്ങൾ ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

ഇറാനും ഇറാക്കും തമ്മിലുള്ള സംഘട്ടനം ആയിരിക്കുമോ മൂന്നാം ലോകയുദ്ധമായി വളരുക?

ആയിക്കൂടെന്നില്ല.

ആവാതിരിക്കട്ടെ!

(2 ഒക്ടോബർ, 1984)

# 10. ചൈന

മുപ്പതു വർഷങ്ങളോളമായി ജനകീയചൈനയെ അധിക്ഷേപിക്കുക ജീവിതവ്രതമാക്കിയിരുന്ന അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റെയ്ഗൻ 1984 ഏപ്രിൽ അവസാനവാരത്തിൽ ചൈനയിലൊരു പര്യടനം നടത്തുകയുണ്ടായി. റഷ്യയ്ക്കെതിരെ യൂറോപ്യൻ രാജ്യങ്ങളിൽ അണു—ആയുധങ്ങൾ ഘടിപ്പിച്ച മിസ്സൈലുകൾ വിന്യസിക്കുകവഴി അമേരിക്ക ലോകസംഘർഷത്തിനു പരമാവധി പിരിമുറുക്കം കൂട്ടിയിരിക്കുകയാണല്ലോ. നയതന്ത്രതലത്തിലും, വേണ്ടിവന്നാൽ യുദ്ധതന്ത്രതലത്തിലും, റഷ്യയെ ചെറുക്കുന്നതിനു ചൈനയെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നു പരിശോധിക്കുകയായിരുന്നു റെയ്ഗൻെറ പര്യടനത്തിൻെറ ഒരു ലക്ഷ്യം. ചൈനയുടെ നേതാക്കളും റെയ്ഗനും തമ്മിൽ നടന്ന ചർച്ചകളുടെ വിശദവിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, ഈ ലക്ഷ്യം നേടുന്നതിൽ റെയ്ഗൻ എത്രമാത്രം വിജയിച്ചു എന്നു പറയുക അസാദ്ധ്യമാണ്. എങ്കിലും, ചൈനയ്ക്കു ഗണ്യമായ തോതിൽ എഫ്—16 യുദ്ധവിമാനങ്ങൾ അടക്കമുള്ള ആയുധങ്ങൾ നൽകാനും, അണുവൈദ്യുതിനിർമ്മാണം സംബന്ധിച്ച അത്യാധുനിക സങ്കേതങ്ങൾ ചൈനയ്ക്കു കൈമാറാനും അമേരിക്ക തയ്യാറായിട്ടുള്ളതായി റിപ്പോർട്ടുകളുണ്ട്. ലോകത്തിൽ ഏററവും വലിയ അണുവൈദ്യുതിനിർമാണസംരംഭമാണ് ചൈനയിൽ നടക്കുന്നതു്. പന്ത്രണ്ടു കുററൻ വൈദ്യുതോല്പാദനനിലയങ്ങൾ സ്ഥാപിക്കാൻ ചൈന ഉദ്ദേശിക്കുന്നു. ഈ പ്രയത്നത്തിൽ സഹായം നേടുന്നതിന് 1982 അവസാനത്തിൽ ചൈന പടിഞ്ഞാറൻ ജർമനിയെ സമീപിച്ചിരുന്നു. ജർമനി പക്ഷേ, മടിച്ചുനിൽക്കുകയായിരുന്നു. മററു രാജ്യങ്ങളെ (പാകിസ്ഥാൻ ആണ് മുഖ്യമായും ഉദ്ദിഷ്ടം) അണുബോംബുകൾ ഉണ്ടാക്കാൻ സഹായിക്കുകയില്ലെന്ന പ്രതിജ്ഞപോലും വാങ്ങാതെ, അണുവൈദ്യുതിനിലയത്തിനു വേണ്ട യന്ത്രങ്ങളും സാങ്കേതികവിദ്യയും ചൈനയ്ക്കു നല്കാൻ ഇപ്പോൾ അമേരിക്ക തയ്യാറായിട്ടുള്ള സ്ഥിതിക്ക്, പടിഞ്ഞാറൻജർമനിയും ആദായകരമായ ഈ ഇടപാടിൽ ഇനി താല്പര്യം പ്രദർശിപ്പിക്കാതിരിക്കുകയില്ല. അണുവൈദ്യുത നിലയങ്ങളെ അണുബോംബ് നിർമാണനിലയങ്ങളാക്കി മാററുക പ്രയാസമുള്ള കാര്യമല്ല. ഇപ്പോൾത്തന്നെ ആയിരത്തോളം അണുബോംബുകൾ ചൈനയുടെ കൈവശമുള്ളതായി പറയപ്പെടുന്നു. റഷ്യയുടെ സൈന്യബലത്തിലും ആയുധബലത്തിലും ഒരുഭാഗം ചൈനീസ് അതിർത്തിയിൽ കേന്ദ്രീകരിക്കപ്പെടാൻ ഇട വരുത്തുകയും തത്ഫലമായി യൂറോപ്പിനെതിരെ റഷ്യയുടെ സൈനിക സജ്ജീകരണത്തെ താരതമ്യേന ദുർബലപ്പെടുത്തുകയും എന്ന ലക്ഷ്യമാ